പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1719**

**11.02.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്.**

## വരൾച്ചമൂലമുള്ള കൃഷിനാശം

| ചോദ്യം<br>ശ്രീമതി കെ.എസ്. സലീഖ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നടപ്പുവർഷം സംസ്ഥാനത്ത് വരൾച്ചയെത്തുടർന്ന് എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചു; ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) നടപ്പുവർഷം സംസ്ഥാനത്ത് വരൾച്ചയെ ത്തുടർന്ന് 3219.78 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) കടുത്ത വരൾച്ചയെത്തുടർന്ന് സംസ്ഥാനത്ത് എത്ര ഏക്കർ നെൽകൃഷി ഉണങ്ങി നശിച്ചു; ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (ബി) കടുത്ത വരൾച്ചയെത്തുടർന്ന് സംസ്ഥാനത്ത് 61085 ഏക്കർ നെൽകൃഷി 50 ശതമാന ത്തിലധികം നശിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഉപ്പുവെള്ളം കയറി എത്ര ഹെക്ടർ നെൽപ്പാടം നശിച്ചു; വ്യക്തമാക്കുമോ; | (സി) കോട്ടയം ജില്ലയിൽ 5036 ഹെക്ടർ നെല്പാടം നാശത്തിന്റെ ഭീഷണിയിലാണ്. ആലപ്പുഴ ജില്ലയിൽ 98.4 ഹെക്ടർ നെൽകൃഷി നശിച്ചിട്ടുണ്ട്. |
| (ഡി) മഴകുറവും അണക്കെട്ടുകളിൽ വെള്ള മില്ലാത്തതുമൂലവും നെൽകൃഷി ഏറ്റവും കൂടുതൽ നശിച്ചത് ഏത് ജില്ലയിലാണ്; എത്ര കോടിയുടെ നഷ്ടം; വ്യക്തമാക്കാമോ; | (ഡി) മഴകുറവും അണക്കെട്ടുകളിൽ വെള്ളമില്ലാത്തതു മൂലവും നെൽകൃഷി ഏറ്റവും കൂടുതൽ നശിച്ചത് വയനാട് ജില്ലയിലാണ്. 45.232 കോടി രൂപയുടെ നഷ്ടം വരൾച്ച മൂലമുണ്ടായതായി കണക്കാക്കുന്നു. |
| (ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം കിട്ടാത്തതിനാൽ പാലക്കാട് ജില്ലയിൽ എത്ര ഏക്കറിലധികം കൃഷി നശിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; വിശദമാക്കുമോ; | (ഇ) പറമ്പിക്കുളം-ആളിയാർ പദ്ധതിക്ക് കീഴിൽ വരുന്നതും ഇപ്പോൾ കൃഷി ചെയ്തിട്ടുള്ളതുമായ 25,000 ത്തോളം ഏക്കറിൽ 7946.175 ഏക്കർ വരൾച്ച മൂലം പൂർണ്ണമായി നശിച്ചിട്ടുണ്ട്. കൂടാതെ, 7820 ഏക്കർ വെള്ളം ലഭ്യമായില്ലെങ്കിൽ ഉണക്കിന്റെ ഭീഷണി യിലാണ്. |

| | | | |
|---|---|---|---|
| (എഫ്) | ഇപ്പോൾ കർഷകർക്ക് വന്നിട്ടുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എഫ്) | ഇപ്പോൾ കർഷകർക്ക് വന്നിട്ടുള്ള നഷ്ടത്തിന് 11.06.12 ലെ ജി.ഒ(എംഎസ്.) നം.239/2012/ ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം അനുവദിക്കുന്നതാണ്. കൂടാതെ വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം നല്കിവരുന്നു. |
| (ജി) | കടുത്ത വരൾച്ചയുമായി ബന്ധപ്പെട്ട് രണ്ടാം വിളയ്ക്ക് ഒരേക്കറിന് എത്ര ടൺ നെല്ല് വിളയിക്കാൻ കഴിയും; ഇത് പ്രകാരം ഉൽപാദനത്തിൽ എത്ര ടണ്ണിന്റെ കുറവുവരും; വിശദമാക്കാമോ; | (ജി) | വരൾച്ച ബാധിച്ച നെൽകൃഷി പ്രദേശങ്ങളിൽ ഒരേക്കറിന് 0.4 മെട്രിക് ടൺ നെല്ലുല്പാദനം പ്രതീക്ഷിക്കുന്നു. ആകെ ഉല്പാദനത്തിൽ ഏകദേശം 1,00,000 ടണ്ണിന്റെ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എച്ച്) | കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള വായ്പയ്ക്ക് ഉയർന്ന പലിശ ഈടാക്കുന്ന റിസർവ്വ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും നയം അംഗീകരിക്കാൻ ഈ സർക്കാർ തയ്യാറാണോ; വിശദമാക്കുമോ; | (എച്ച്) | കേന്ദ്രസർക്കാർ / ആർ.ബി.ഐ. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പലിശ ഈടാക്കുന്നത്. ഈ തീരുമാനങ്ങളിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. |
| (ഐ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ഐ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ കാരണങ്ങളാൽ 44 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 28 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ, കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്ത വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികൾ അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ജില്ല | കൃഷിനാശം ബാധിച്ച പ്രദേശം (ഹെക്ടറിൽ) | ബാധിച്ച കർഷകർ | കണക്കാക്കിയിട്ടുള്ള നഷ്ടം (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29935 | 26644 | 9,03,89,40,000 |
| കൊല്ലം | 1925.11 | 2312 | 25,06,29,400 |
| ആലപ്പുഴ | 33936 | 7550 | 3,01,38,00,000 |
| പത്തനംതിട്ട | 1780 | 252 | 57,99,00,000 |
| കോട്ടയം | 1267 | 520 | 5,06,80,000 |
| ഇടുക്കി | 4265.05 | 2773 | 38,33,58,600 |
| എറണാകുളം | 50 | 127 | 1,20,50,000 |
| തൃശ്ശൂർ | 890 | 120 | 3,56,00,000 |
| പാലക്കാട് | 7583 | 9453 | 68,40,40,000 |
| മലപ്പുറം | 2127 | 260 | 46,17,60,000 |
| കോഴിക്കോട് | 5 | 112 | 2,00,000 |
| വയനാട് | 63929 | 38125 | 17,66,01,55,000 |
| കണ്ണൂർ | 427.5 | 153 | 1,71,00,000 |
| കാസർഗോഡ് | 240 | 112 | 96,00,000 |
| **ആകെ** | **148359.7** | **88513** | **32,19,78,13,000** |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ജില്ല | കൃഷിനാശം ബാധിച്ച പ്രദേശം (ഹെക്ടറിൽ) | 50% ത്തിലധികം കൃഷി നശിച്ചത് (ഹെക്ടറിൽ) | കണക്കാക്കിയിട്ടുള്ള നഷ്ടം (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 1331 | 1161 | 5,32,40,000 |
| കൊല്ലം | 1250.11 | 1250.1 | 5,00,04,400 |
| ആലപ്പുഴ | 23550 | 701 | 94,20,00,000 |
| പത്തനംതിട്ട | 100 | 50 | 40,00,000 |
| കോട്ടയം | 1267 | 1267 | 5,06,80,000 |
| ഇടുക്കി | 60 | 60 | 24,00,000 |
| എറണാകുളം | 50 | 20 | 20,00,000 |
| തൃശ്ശൂർ | 890 | 330 | 3,56,00,000 |
| പാലക്കാട് | 6413 | 6413 | 25,65,20,000 |
| മലപ്പുറം | 1504 | 1504 | 6,01,60,000 |
| കോഴിക്കോട് | 5 | 0.1 | 2,00,000 |
| വയനാട് | 11308 | 11308 | 45,23,20,000 |
| കണ്ണൂർ | 427.5 | 130 | 1,71,00,000 |
| കാസർഗോഡ് | 240 | 240 | 96,00,000 |
| **ആകെ** | **48395.61** | **24434.2** | **1,93,58,24,400** |

സെക്ഷൻ ഓഫീസർ

# അനുബന്ധം III

വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി സംബന്ധിച്ച് കാർഷികോല്പാദന കമ്മീഷണർ നൽകിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.11.2011 ലെ മന്ത്രിസഭായോഗത്തിലെടുത്ത തീരുമാനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. 15.12.2011 ലെ ജി.ഒ(എംഎസ്) നം.451/2011/റവ, 16.12.2011 ലെ ജി.ഒ(എംഎസ്) നം.45320/11/റവ എന്നീ ഉത്തരവുകൾ പ്രകാരം ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസ്സസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ടി കടങ്ങൾക്കുള്ള പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടും എന്നാൽ കൃത്യമായ തിരിച്ചടവിന് പലിശയിനത്തിൽ അടച്ചിട്ടുള്ള തുകയിൽ 10% കിഴിവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 22.01.13 ലെ സ.ഉ.(എംഎസ്.) നനം.25/2013/റവ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കാർഷിക കടങ്ങൾക്കുള്ള മൊറട്ടോറിയം 31.03.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.
2. 23.11.2011 ന് വിളിച്ചു ചേർത്ത സ്പെഷ്യൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിലെ തീരുമാനമനുസരിച്ച് 30.12.2011 ലെ ജി.ഒ(എംഎസ്) നം.279/2011/കൃഷി ഉത്തരവ് പ്രകാരം വയനാട് ജില്ലയെ കാർഷിക ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും ഇപ്പോൾ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്കും വേണ്ടി ഒരു ബാങ്കേഴ്സ് പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അനുവദിച്ച് നടപ്പാക്കി വരുന്നുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകർ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾക്ക് വാണിജ്യ ബാങ്കുകൾ 30.12.2011 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം ഉൾപ്പെടെ വിവിധ നടപടികൾ എടുത്തിട്ടുണ്ട്.
3. വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള മുഴുവൻ കാർഷികകടങ്ങളും പരിഗണിക്കുവാൻ അധികാരപ്പെടുത്തും വിധം 2006 ലെ കേരള ഫാമേഴ്സ് ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.
4. ജില്ലാ സഹകരണ ബാങ്കുകളും, പ്രൈമറി സഹകരണ ബാങ്കുകളും കാർഷിക വായ്പകൾ നൽകുന്നതിനായി ആവശ്യമായ റീ-ഫൈനാൻസിനുള്ള തടസ്സങ്ങൾ മാറ്റി പ്രസ്തുത സ്ഥാപനങ്ങളെ കാർഷിക വായ്പകൾ നൽകുന്നതിന് വീണ്ടും സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി നബാർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ലാന്റ് ഡെവലപ്മെന്റ് ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ ഒരു യോഗം 30.11.2011 ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും യോഗ തീരുമാനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.
5. 1958 ലെ കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ ഭാഗമായി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (The Kerala Prohibition of Charging Exorbitant Interest Ordinance, 2012)
6. കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നൽകി അവ സംഭരിക്കുന്നതിനുള്ള വിശദമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്.

7. 23.11.2011 ലെ ജി.ഒ(എംഎസ്) നം.255/2011/കൃഷി പ്രകാരം വയനാട് ജില്ലയിൽ നെല്ല് സംഭരണം നടത്തുവാൻ തീരുമാനിച്ചുകൊണ്ടും കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ അരി മില്ലുകളിലേയ്ക്ക് നെല്ല് കൊണ്ടുപോകുന്നതിനുള്ള അധിക ചെലവ് ട്രാൻസ്പോർട്ട് സബ്സിഡിയായി സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഉത്തരവാകുകയും 16.12.2011 ലെ ജി.ഒ(ആർറ്റി.) നം.2355/2011/കൃഷി ഉത്തരവ് പ്രകാരം ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിൽ നാളിതുവരെ 2065 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും അതിന്റെ ആനുകൂല്യം 1110 കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 17.02.2012 ലെ സ.ഉ(എംഎസ്.) നം31/2012/കൃഷി ഉത്തരവ് പ്രകാരം നെല്ല് സംഭരണം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.
8. 13.12.2011 ലെ ജി.ഒ(എംഎസ്) നം.272/2011/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലയുടെ ചുമതലയുള്ള പട്ടികവർഗ്ഗക്ഷേമ-യുവജനകാര്യ-മ്യൂസിയം-മൃഗശാല വകുപ്പ് മന്ത്രി അംഗമായി, കാർഷികോല്പാദന കമ്മീഷണർ കൺവീനറായി സർക്കാർ പരിപാടികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി സ്പെഷ്യൽ മോണിറ്ററിംഗ് സംവിധാനം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്.
9. കർഷകർക്ക് അർഹതപ്പെട്ട സബ്സിഡികൾ ക്യാഷ് സബ്സിഡിയായി നൽകുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.
10. 22.11.2011 ലെ ജി.ഒ(എംഎസ്) നം.256/2011/കൃഷി ഉത്തരവ് പ്രകാരം പഞ്ചായത്തു തലത്തിൽ കർഷക മിത്ര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ കൃഷി ഓഫീസർ, വെറ്റിനറി ഓഫീസർ, പഞ്ചായത്ത് പ്രദേശത്തെ ഒന്നോ രണ്ടോ വോളന്റി ഏജൻസികളുടെ പ്രതിനിധികൾ , പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളാണ്. സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകവൃത്തി, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലനിലവാരം എന്നിവയെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. വയനാട് ജില്ലയിൽ 26 കർഷകമിത്ര സമിതികൾ രൂപീകരിക്കുകയും ഇതിന്റെ യോഗം വിളിച്ചു കൂട്ടുകയും ചെയ്തിട്ടുണ്ട്.
11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കർഷകരുടെ ഭൂമിയിൽ എതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കാമെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 14.12.2011 ലെ 65108/ഡിഡി2/2011/ത.സ്വ.ഭ.വ നമ്പരായി സർക്കുലർ പുറപ്പെടുവിക്കുകയും ഇക്കാര്യം പൊതുജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
12. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് പരമാവധി 50,000/- രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി 100% വരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യമൃഗങ്ങൾ കാർഷികവിളകൾ നശിപ്പിക്കുന്നത് തടയുന്നതിന് RIDF ൽ ഉൾപ്പെടുത്തി വൈദ്യുത വേലി കെട്ടുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ